**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2678 — 06.02.2018 ന് മറുപടിയ്ക്ക്.

**<u>വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിന് നടപടികൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.എ.പി.അനിൽ കുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മനുഷ്യ-വന്യ ജീവി ഏറ്റുമുട്ടൽ മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>ജനപങ്കാളിത്തത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യവന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള സമിതിയാണ് ടി ജനജാഗ്രതാ സമിതി. 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തൊട്ടാകെ ഇതിനോടകം നിലവിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സൗരോർജ്ജവേലിയും, ആനയെ പ്രതിരോധിക്കുന്ന വേലിയും നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) വിവിധ പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (സി) വന്യമൃഗങ്ങളുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് രൂപീകരിച്ച ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (സി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) മൃഗങ്ങൾക്ക് ഭക്ഷണവും, വെള്ളവും ഉറപ്പ് വരുത്തുന്നതിന് വനത്തിൽ ഫലവൃക്ഷങ്ങൾ നടുന്ന പദ്ധതിയും തടയണ നിർമ്മിക്കുന്ന പ്രവർത്തനങ്ങളും ഫലപ്രദമാണോ; എങ്കിൽ വിശദമാക്കാമോ? | (ഡി) മൃഗങ്ങൾക്ക് ഭക്ഷണവും, വെള്ളവും ഉറപ്പ് വരുത്തുന്നതിന് വനത്തിൽ ഫലവൃക്ഷങ്ങൾ നടുന്ന പദ്ധതിയും തടയണ നിർമ്മിക്കുന്ന പ്രവർത്തനങ്ങളും ഫലപ്രദമാണ്. ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും, വെള്ളത്തിനും വേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ